പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.893 06.06.2018 -ലെ മറുപടിക്ക്

# സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനായി എത്ര കോളനികൾ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ 280 കോളനികൾ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചിരുന്നു. ഇതുവരെ അർഹമായ 249 കോളനികൾ മാത്രമേ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. |
| (ബി) | നവീകരണ പ്രവൃത്തികൾ ഓരോന്നിന്റേയും നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ | (ബി) | DNK, KESNIK,KLDC, KAICO, KEL, FIT, SIDCO എന്നീ ഏജൻസികളെയാണ് പദ്ധതി നടത്തിപ്പിനായി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | ഈ കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ? | (സി) | നിർവ്വഹണ ഏജൻസികൾ ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ അംഗീകരിച്ച് നൽകിയ കേസുകളിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി ധാരണാപത്രം (MOU) ഒപ്പുവെച്ചു പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ